# കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര ഉപദേശ (സി) വകുപ്പ്

## സർക്കുലർ

നമ്പർ 78/ഉപ.സി.2/2017/ഉഭപവ. *തിരുവനന്തപുരം, 2017 ജനുവരി 31.*

വിഷയം:—ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ—സർക്കാർ ഉദ്യോഗസ്ഥർ മാധ്യമങ്ങളിലൂടെ അഭിപ്രായപ്രകടനം നടത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:— 1. 5-10-1983-ലെ 56998/SS1/83/GAD നമ്പർ സർക്കുലർ.

2. 19-10-2012-ലെ 19469/ഉപ-സി2/2012/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 60(എ) പ്രകാരം സർക്കാർ ജീവനക്കാർ ഏതെങ്കിലും സംഭാഷണത്തിലൂടെയോ, എഴുത്തിലൂടെയോ മറ്റുരീതിയിലോ, സർക്കാർ അനുവർത്തിക്കുന്ന നയത്തെയോ സർക്കാർ എടുക്കുന്ന നടപടികളെയോ, പൊതുജനമദ്ധ്യത്തിലോ, അസോസിയേഷനിലോ, സംഘത്തിലോ ചർച്ച ചെയ്യുവാനോ വിമർശിക്കുവാനോ പാടില്ലാത്തതും അങ്ങനെയുള്ള ചർച്ചയിലോ വിമർശനത്തിലോ യാതൊരു രീതിയിലും പങ്കെടുക്കുവാനോ പാടില്ലാത്തതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങാതെ സർക്കാരിന്റെ നയപരമായ കാര്യങ്ങളെപ്പറ്റി സർക്കാർ ജീവനക്കാർ മാധ്യമങ്ങളിലൂടെ അഭിപ്രായ പ്രകടനം നടത്തുവാൻ പാടില്ലെന്ന് നിഷ്കർഷിച്ചു കൊണ്ട് സൂചന (2) പ്രകാരം സർക്കുലറും പുറപ്പെടുവിച്ചിരുന്നു.

എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കാതെ സർക്കാർ ജീവനക്കാർ സാമൂഹ്യമാധ്യമങ്ങളിലൂടെയും, ദൃശ്യ-ശ്രവ്യമാധ്യമങ്ങളിലൂടെയും സർക്കാർ നയങ്ങളെയും നടപടികളെയും കുറിച്ച് അഭിപ്രായപ്രകടനം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽസാഹചര്യത്തിൽ,

GCPT.3 480 2017 S-14.

1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 60(എ) ലംഘിച്ചുകൊണ്ട് സർക്കാർ ജീവനക്കാർ സാമൂഹ്യ മാധ്യമങ്ങളിലൂടെയും, ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും സർക്കാർ നയങ്ങളെയും നടപടികളെയും കുറിച്ച് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ അഭിപ്രായ പ്രകടനം നടത്തുന്നതായി ശ്രദ്ധയിൽപ്പെടുകയോ, പരാതി ലഭിക്കുകയോ ചെയ്യുന്ന പക്ഷം മേലധികാരി ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

ഇത്തരത്തിൽ ചട്ടലംഘനം നടത്തുന്ന ജീവനക്കാർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നതാണ്.

സത്യജീത്ത് രാജൻ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

<u>പകർപ്പ്</u>:—

എല്ലാ വകുപ്പു മേധാവികൾക്കും/നിയമനാധികാരികൾക്കും/ ഓഫീസുകൾക്കും.

നിയമം, ധനകാര്യം ഉൾപ്പെടെയുള്ള സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്തുസഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തുസഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തുസഹിതം).

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്തുസഹിതം).

മുഖ്യമന്ത്രിയുടെയും എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് (വെബ് ആന്റ് ന്യൂമീഡിയ) വകുപ്പ് (പത്രമാധ്യമങ്ങളിലൂടെയുള്ള വിപുലമായ പ്രചരണത്തിനും സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനും).

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് (870236/ബി3/2016/ആ.കു.വ ഫയൽ പ്രകാരം).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.